2014-2015	150.00
2015-2016	147.59
ആകെ	497.59

(ബി) അതിൽ 404.74 കോടി രൂപ 9-2-2016 വരെ പിൻവലിക്കുകയും ഇതിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ 489.926 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

മലയോര വികസന ഏജൻസി

11 (1384) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസി (ഹാഡ) എന്നാണ് രൂപീകരിച്ചത്; ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം; വികസന പദ്ധതികൾക്കായി തുകയനുവദിക്കുന്നതിനുള്ള മാനദണ്ഡവും പദ്ധതിയനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങളും വിശദമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഹാഡയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഹാഡ രൂപീകൃതമായതിനുശേഷം ഓരോ സാമ്പത്തിക വർഷവും പത്തനംതിട്ട ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ പേരും തുകയും നിയോജകമണ്ഡലവും വ്യക്തമാക്കാമോ;

(ഡി) പദ്ധതിയിൽ ഉൾപ്പെടുത്തിയ ശേഷം, പത്തനംതിട്ട ജില്ലയിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ച പദ്ധതികൾ ഏത്; പഞ്ചായത്തുകൾ ഏവ; ഏതെല്ലാം പദ്ധതികൾക്കാണ് തുകയനുവദിച്ചത്;

(ഇ) ഈ വർഷത്തിലെ പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ട സമയം കഴിഞ്ഞോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2012 മേയ് മാസം 28-ാം തീയതി മലയോര വികസന ഏജൻസി രജിസ്റ്റർ ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മലയോര വികസന ഏജൻസിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ : മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാട്ട് സെൽ, സി.സി.പി.ആർ.എം, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡുകളുടെയും നടപ്പാതകളുടെയും നിർമ്മാണം, നീരുറവകളേയും കിണറുകളെയും അടിസ്ഥാനമാക്കിയിട്ടുള്ള ആവാസ കേന്ദ്രാധിഷ്ഠിതമായ കുടിവെള്ള പദ്ധതികൾ, ജലസംരക്ഷണ പ്രവൃത്തികൾ, അരുവികളിലും തോടുകളിലും തടയണകൾ നിർമ്മിക്കൽ, മണ്ണുസംരക്ഷണ പ്രവൃത്തികൾ, പ്രത്യേക കാർഷിക വികസന പദ്ധതികൾ, അതിജീവന സുരക്ഷിതത്വം ഉറപ്പാക്കാനുള്ള സ്വയം തൊഴിൽ പദ്ധതികൾ എന്നിവ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

മലയോര വികസന ഏജൻസി തെരഞ്ഞെടുത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ അനുബന്ധ രേഖകൾ ബില്ലിന്റെ ഒറിജിനലിനോടൊപ്പം ബന്ധപ്പെട്ട ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ ശിപാർശയോടുകൂടി മലയോര വികസന ഏജൻസിയിൽ ലഭ്യമാക്കുമ്പോൾ പരിശോധനയ്ക്ക് വിധേയമായി തുക അനുവദിക്കുന്നു. പദ്ധതി അനുവദിക്കുന്നത് ജന പ്രതിനിധികൾ, ഗുണഭോക്താക്കൾ, ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ എന്നിവരുടെ ശിപാർശകൾ, പരിശോധനയ്ക്ക് വിധേയമായി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയുള്ള പദ്ധതികൾ ചെയർമാൻ അംഗീകാരം നൽകി പ്രവൃത്തികൾ അനുവദിക്കുന്നു.

(ബി) 30-9-2014-ലെ ജി.ഒ.(ആർ.റ്റി) 447/14/പ്ലാനിംഗ് പ്രകാരമാണ് പത്തനംതിട്ട ജില്ല ഉൾപ്പെടെ മലയോര വികസന ഏജൻസിയുടെ കീഴിൽ ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1* ആയി ചേർക്കുന്നു. ഇതിൽ ഗ്രാമ പഞ്ചായത്തിന്റെ 25% പ്രദേശമെങ്കിലും 800 മീറ്റർ കോണ്ടൂരിനു മുകളിൽ വരുന്ന പഞ്ചായത്തുകളെയാണ് വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്. പത്തനംതിട്ട ജില്ലയിലെ സീതത്തോട്, അരുവാപ്പുലം എന്നീ ഗ്രാമ പഞ്ചായത്തുകളാണ് ഹാഡയ്ക്ക് കീഴിൽ ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ നടത്താനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) മലയോര വികസന ഏജൻസി 2012-ൽ രൂപീകരിച്ചതിനുശേഷം ഓരോ സാമ്പത്തിക വർഷവും പത്തനംതിട്ട ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ പേരും തുകയും അനുബന്ധം 2 * ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പുലം, സീതത്തോട് എന്നീ പഞ്ചായത്തുകൾ മാത്രമേ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഈ നിയോജകമണ്ഡലത്തിൽ നിന്നും സ്ഥലം എം.എൽ.എ. മുഖേന 5 പ്രവൃത്തികൾ ലഭ്യമായിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ലുകളും അനുബന്ധരേഖകളും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനുബന്ധം 2*-ൽ പറയുന്ന പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

(ഇ) 2015-16 സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടമായതിനാൽ പുതിയ പ്രവൃത്തികൾക്കുള്ള സമയം അവസാനിച്ചു.

മലയോര വികസന അതോറിറ്റി

12 (1385) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയോര വികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും എന്ത് തുക വീതം നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഓരോ വർഷവും അനുവദിക്കപ്പെട്ട തുകയിൽ എന്ത് തുക വീതം ചെലവഴിച്ചുവെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും വകയിരുത്തിയിരുന്ന തുകയും നാളിതുവരെ ചെലവഴിച്ച തുകയും അനുബന്ധം 1 * ആയി കൊടുത്തിരിക്കുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

13 (1387) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 വർഷത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാൻ കഴിഞ്ഞത്; ഏതെല്ലാം മേഖലകളിലാണ് പ്രവൃത്തികൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് അറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly